**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4705** **10-08-2021 - ൽ മറുപടിയ്ക്ക്**

**നാടൻ പശുക്കളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | **Smt J Chinchurani**<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരമേഖല വ്യവസായമായതോടെ പ്രതിരോധ ശേഷിയുള്ള നാടൻ പശു ഇനങ്ങളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയെ സംരക്ഷിക്കാനും വംശം നിലനിർത്താനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. നാടൻ പശുക്കൾക്ക് പാലുത്പാദനം കുറവായതിനാൽ നിലവിലുണ്ടായിരുന്ന പ്രജനന നയത്തിൽ ക്രോസ് ബ്രെഡ് പശുക്കൾക്കാണ് പ്രാധാന്യം നൽകിയിരുന്നത്. എന്നാൽ വെച്ചൂർ, കാസർകോട് കുള്ളൻ തുടങ്ങിയ നാടൻ പശുക്കളെ സംരക്ഷിക്കുന്നതിനായി നാളിതുവരെയുള്ള പ്രജനന നയത്തിൽ വ്യത്യാസം വരുത്തി ഇത്തരം ജനുസ്സുകളിൽ പെടുന്ന പശുക്കൾക്ക് അവയുടെ ഇനത്തിൽപെട്ട കാളകളുടെ തന്നെ ബീജമാത്രകൾ നൽകുന്നതിന് കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡുമായി സഹകരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. കാസർകോട് കുള്ളൻ പശുക്കളുടെ സംരക്ഷണത്തിനും അവയുടെ വംശം നിലനിർത്തുന്നതിനും വേണ്ടി മാത്രം കാസർകോട് ജില്ലയിലെ ബദിയടുക്കയിൽ ഒരു ഫാം വകുപ്പ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഈ ഇനങ്ങളെ വകുപ്പിന്റെ ഇൻഷ്വറൻസ് പദ്ധതിയിലും ഉൾപ്പെടുത്തി ഇൻഷ്വറൻസ് പരിരക്ഷ നൽകി സംരക്ഷിച്ചു വരുന്നു. "കുട്ടമ്പുഴ കുള്ളൻ" എന്ന പേരിൽ പെരിയാർ തീരത്ത് പുതിയ ഒരു ജനുസ്സിന്റെ സംരക്ഷണം ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലക്ഷ്യമിടുന്നുണ്ട്. |
| (ബി) | കാസർഗോഡ് കുള്ളൻ പശു, വെച്ചൂർ പശു തുടങ്ങിയ കേരളത്തിന്റെ തനതായ നാടൻ പശുക്കൾ വംശനാശ ഭീഷണി നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വംശവർദ്ധനവിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുകയെന്ന് വിശദമാക്കാമോ; | (ബി) | ഉണ്ട്. നാടൻ പശുക്കൾക്ക് പാലുത്പാദനം കുറവായതിനാൽ നിലവിലുണ്ടായിരുന്ന പ്രജനന നയത്തിൽ ക്രോസ് ബ്രെഡ് പശുക്കൾക്കാണ് പ്രാധാന്യം നൽകിയിരുന്നത്. എന്നാൽ വെച്ചൂർ, കാസർകോട് കുള്ളൻ തുടങ്ങിയ നാടൻ പശുക്കളെ സംരക്ഷിക്കുന്നതിനായി നാളിതുവരെയുള്ള പ്രജനന നയത്തിൽ വ്യത്യാസം വരുത്തി ഇത്തരം ജനുസ്സുകളിൽ പെടുന്ന പശുക്കൾക്ക് അവയുടെ ഇനത്തിൽപെട്ട കാളകളുടെ തന്നെ ബീജമാത്രകൾ നൽകുന്നതിന് കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡുമായി സഹകരിച്ച് |

| | | | |
|---|---|---|---|
| | | | ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. കാസർകോട് കുള്ളൻ പശുക്കളുടെ സംരക്ഷണത്തിനും അവയുടെ വംശം നിലനിർത്തുന്നതിനും വേണ്ടി മാത്രം കാസർകോട് ജില്ലയിലെ ബദിയടുക്കയിൽ ഒരു ഫാം വകുപ്പ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഈ ഇനങ്ങളെ വകുപ്പിന്റെ ഇൻഷ്വറൻസ് പദ്ധതിയിലും ഉൾപ്പെടുത്തി ഇൻഷ്വറൻസ് പരിരക്ഷ നൽകി സംരക്ഷിച്ചു വരുന്നു. “കുട്ടമ്പുഴ കുള്ളൻ" എന്ന പേരിൽ പെരിയാർ തീരത്ത് പുതിയ ഒരു ജനുസ്സിന്റെ സംരക്ഷണം ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലക്ഷ്യമിടുന്നുണ്ട്. |
| (സി) | കാർഷിക മേഖലയായ കുത്തുപറമ്പ് മണ്ഡലത്തിൽ ഇത്തരം നാടൻ പശുക്കളെ വിതരണം ചെയ്ത് പരിപാലനം ഉറപ്പാക്കാൻ പ്രത്യേക പാക്കേജിന് രൂപം നൽകുമോ; എങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുകയെന്ന് വിശദീകരിക്കാമോ? | (സി) | ഇത്തരത്തിൽ പ്രത്യേക പാക്കേജ് പരിഗണനയിൽ ഇല്ല. നാടൻ പശുക്കളുടെ പാലിന്റെ ഗുണമേന്മ, രോഗപ്രതിരോധ ശേഷി. വലിയ പശുക്കളെക്കാൾ പരിപാലന സൗകര്യം, തീറ്റയുടെ അളവിൽ ആവശ്യമായ കുറവ് എന്നീ വിവരങ്ങളിൽ ഊന്നിയുള്ള ബോധവത്കരണം മൂലം കർഷകരെ നാടൻ പശുക്കളുടെ പരിപാലനത്തിലേക്ക് ആകർഷിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ